**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2768** — **03-08-2021 - ൽ മറുപടിയ്ക്ക്**

**നെൽകർഷകർക്കു സംഭവിച്ച നഷ്ടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | **Shri. P. Prasad**<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ വർഷത്തെ ശക്തമായ മഴയിൽ നെൽകർഷകർക്കു സംഭവിച്ച ഭീമമായ നഷ്ടത്തിന്റെ അടിസ്ഥാനത്തിൽ കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (എ) | കഴിഞ്ഞ വർഷത്തെ ശക്തമായ മഴയിൽ കൃഷിനാശം സംഭവിച്ച കർഷകർക്കും പാടശേഖരങ്ങൾക്കും പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശത്തിനുള്ള ധനസഹായ പദ്ധതി പ്രകാരവും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരവും അർഹമായ ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിന് സംസ്ഥാന വിഹിതമായി 4993.8543 ലക്ഷം രൂപ അധിക ധനാനുമതി പ്രകാരം അനുവദിച്ചിട്ടുണ്ട്. അതിൽ 01/01/2020 മുതൽ 31/05/2020 വരെ AIMS പോർട്ടലിലെ അംഗീകരിച്ച ക്ലെയിമുകളിൽ 1518.69184 ലക്ഷം രൂപ വിതരണം നടത്തിയിട്ടുണ്ട്. കൂടാതെ 2021-22ൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 750.00 ലക്ഷം രൂപയിൽ നിന്നും 175.0473 ലക്ഷം രൂപ 2018-19ലെ കുടിശ്ശിക തുകയും കർഷകർക്ക് നൽകിയിട്ടുണ്ട്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും 489.31029 ലക്ഷം രൂപ അനുവദിച്ചു. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 2000 ലക്ഷം രൂപ വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് നഷ്ടപരിഹാരമായി വിതരണം ചെയ്യുന്നതിന് അനുവദിച്ചു. |
| (ബി) | നെൽകൃഷിയെ മഴ പ്രതികൂലമായി ബാധിച്ചതിന്റെ അടിസ്ഥാനത്തിൽ നെൽ കർഷകർക്കുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ; | (ബി) | ഉണ്ട്. 2020-21 വർഷത്തിൽ മഴ പ്രതികൂലമായി ബാധിച്ചതിന്റെ ഫലമായി സംസ്ഥാനത്തെ 65489 നെൽ കർഷകരുടെ 27073.42 ഹെക്ടർ സ്ഥലത്ത് വിളനാശം ഉണ്ടായി. പ്രഥമ വിവര ശേഖരണ റിപ്പോർട്ട് പ്രകാരം (FIR) 89041.73 ലക്ഷം രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം - I ആയി ചേർക്കുന്നു. |
| (സി) | കോട്ടയ്ക്കൽ മണ്ഡലത്തിൽ നിന്നും | (സി) | വിശദാംശങ്ങൾ അനുബന്ധം - II ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| | ആനുകൂല്യത്തിനായി അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; എത്ര അപേക്ഷകൾ ലഭിച്ചെന്നും ഇതിൽ എത്ര പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ടെന്നും പഞ്ചായത്തും നഗരസഭയും തിരിച്ച് കണക്ക് ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ

## അനുബന്ധം – II

| ക്രമ നമ്പർ | നഗരസഭ/ പഞ്ചായത്ത് | അപേക്ഷകളുടെ എണ്ണം | SDRF ആനുകൂല്യം നൽകിയ കർഷകരുടെ എണ്ണം |
|---|---|---|---|
| 1. | എടയൂർ | 23 | 23 |
| 2. | ഇരിമ്പിളിയം | 40 | 40 |
| 3. | മാറാക്കര | 9 | 9 |
| 4. | വളാഞ്ചേരി | 7 | 7 |
| 5. | പൊൻമുണ്ടം | 12 | 12 |
| 6. | കോട്ടക്കൽ | Nil | Nil |
| 7. | കുറ്റിപ്പുറം | Nil | Nil |
| **ആകെ** | | **91** | **91** |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം - I

| ക്രമ നമ്പർ | ജില്ല | വിസ്തൃതി (ഹെക്ടർ) | നഷ്ടം സംഭവിച്ച കർഷകരുടെ എണ്ണം | തിട്ടപ്പെടുത്തിയ നഷ്ടം (തുക ലക്ഷത്തിൽ) |
|---|---|---|---|---|
| 1. | ആലപ്പുഴ | 8311.53 | 12870 | 12453.81 |
| 2. | ഇടുക്കി | 129.24 | 507 | 152.04 |
| 3. | പാലക്കാട് | 3778.76 | 10171 | 5600.94 |
| 4. | കണ്ണൂർ | 1035.95 | 6983 | 1557.27 |
| 5. | കൊല്ലം | 236.71 | 997 | 310.25 |
| 6. | എറണാകുളം | 1034.18 | 3096 | 10493.67 |
| 7. | വയനാട് | 260.10 | 1367 | 388.35 |
| 8. | തിരുവനന്തപുരം | 308.18 | 968 | 474.25 |
| 9. | തൃശ്ശൂർ | 1663.11 | 3931 | 8896.07 |
| 10. | കാസർഗോഡ് | 1460.19 | 4889 | 2036.03 |
| 11. | കോഴിക്കോട് | 1197.49 | 6363 | 2308.49 |
| 12. | മലപ്പുറം | 1451.70 | 2876 | 20016.15 |
| 13. | കോട്ടയം | 5766.58 | 9826 | 8683.61 |
| 14. | പത്തനംതിട്ട | 439.70 | 645 | 15670.80 |
| **ആകെ** | | **27073.42** | **65489** | **89041.73** |

**സെക്ഷൻ ഓഫീസർ**